# ഗസ്സയിൽ സംഭവിച്ചതെന്ത്?

**ഗസ്സയിൽ** നടന്നത് വിപ്ലവമോ പ്രതിവിപ്ലവമോ? വിഷയവുമായി ബന്ധപ്പെട്ട സുപ്രധാനമായ പല തെളിവുകളും രേഖകളും മുമ്പിലിരിക്കെ ഈ ചോദ്യം എന്നെ അലട്ടിക്കൊണ്ടിരിക്കുന്നു. അവയുടെ ചുരുക്കം ഞാൻ നിങ്ങളുടെ മുമ്പിൽ വെക്കാം. എന്നിട്ട് നമുക്ക് ഒന്നിച്ച് ഉത്തരം കണ്ടെത്താൻ ശ്രമിക്കാം.

ജർമൻ പത്രമായ *യൂൻജാഫ്ളീറ്റ്* ജൂൺ 14-ന് പ്രസിദ്ധീകരിച്ച വുൾഫ് റായ്ൻ ഹാർട്ടിന്റെ ഒരു റിപ്പോർട്ടിൽ ഫലസ്ത്വീനിൽ ആഭ്യന്തര സംഘർഷമുണ്ടാക്കാൻ കുറേകാലമായി ബുഷ്ഭരണകൂടം ശ്രമിച്ചുവരികയാണെന്ന് പറയുന്നു. ഹമാസിന്റെ സായുധ വിഭാഗ മേധാവികളെ ഉന്മൂലനം ചെയ്യാൻ ഫതഹിലെ അമേരിക്കൻ അനുകൂലികളെ അമേരിക്കൻ ഭരണകൂടം പ്രേരിപ്പിക്കുന്നുണ്ടെന്നും റിപ്പോർട്ട് തുടരുന്നു. അമേരിക്കൻ കോൺഗ്രസ്സിന്റെ മധ്യപൗരസ്ത്യദേശ സമിതി മെയ് അവസാനം സംഘടിപ്പിച്ച യോഗത്തിൽ തെൽ അവീവിലെ അമേരിക്കൻ സെക്യൂരിറ്റി കോ-ഓർഡിനേറ്റർ കീത്ത് ഡായ്ടണും ഇക്കാര്യം തുറന്നു പറയുകയുണ്ടായി. ഫതഹിൽ അമേരിക്കക്ക് ശക്തമായ സ്വാധീനമുണ്ടെന്നും ഗസ്സയിൽ ഉടൻ തന്നെ രക്തരൂഷിതമായ ഒരു പൊട്ടിത്തെറിയുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. ഫതഹിലെ അമേരിക്കൻ-ഇസ്രയേൽ അനുകൂല വിഭാഗത്തിനുമേൽ അമേരിക്കൻ പ്രതിരോധ മന്ത്രാലയവും സി.ഐ.എയും പരമാവധി സമ്മർദം ചെലുത്തിയിട്ടുണ്ട്. ഫലസ്ത്വീൻ പ്രസിഡന്റിനു കീഴിലെ സുരക്ഷാസേനയെ ഹമാസിനെതിരെ തിരിച്ചുവിടലാണ് അമേരിക്കൻ ഭരണകൂടത്തിനു മുമ്പിൽ ഇപ്പോഴുള്ള നയതന്ത്രപരമായ മാർഗമെന്നും കീത്ത് ഡായ്ടൺ വിശദീകരിച്ചു. ഹമാസിനെ സൈനികമായി നേരിടാൻ ഫലസ്ത്വീൻ പ്രസിഡൻഷ്യൽ ഗാർഡിന് ചില അയൽരാജ്യങ്ങളിൽ പരിശീലനം നൽകാൻ 59 മില്യൻ യൂറോക്കു തുല്യമായ സംഖ്യ അനുവദിക്കാൻ അമേരിക്കൻ കോൺഗ്രസ്സിന് അലോസരം തോന്നാതിരുന്നത് എന്തുകൊണ്ടാണെന്ന് ഇത് വ്യക്തമാക്കുന്നു.

ഫതഹിലെ അമേരിക്കൻ-ഇസ്രയേലീ അനുകൂല വിഭാഗം എത്ര ശ്രമിച്ചിട്ടും ഹമാസിനെ ഒതുക്കാൻ കഴിഞ്ഞിട്ടില്ലെന്നും ജർമൻ രാഷ്ട്രീയ നിരീക്ഷകൻ പറയുന്നു. എൽ സാൽവഡോർ മോഡൽ ഓപറേഷനാണ് സി.ഐ.എ ഫലസ്ത്വീനിലും പയറ്റാൻ ശ്രമിച്ചത്. ഹമാസ് നേതാക്കളെയും കേഡർമാരെയും വധിക്കാൻ സി.ഐ.എ ഫതഹിനുള്ളിൽ ഒരു മരണ ഗ്രൂപ്പിന് രൂപം നൽകി. ഈ ഗ്രൂപ്പും ഫലസ്ത്വീൻ പ്രസിഡൻഷ്യൽ ഗാർഡും സുരക്ഷാ ഉപദേഷ്ടാവ് മുഹമ്മദ് ദഹ്ലാനും തമ്മിലുള്ള ബന്ധം റായ്ൻ ഹാർട്ട് വിശദീകരിക്കുന്നു. ഇസ്രയേലിനെതിരെ ചെറുത്തുനിൽപ് നടത്തുന്ന എല്ലാ വിഭാഗങ്ങളെയും ഉന്മൂലനം ചെയ്യുക എന്ന ദൗത്യമാണ് സി.ഐ.എ ദഹ്ലാനെ ഏൽപിച്ചിരിക്കുന്നതെന്നും ഇസ്രയേലീ രാഷ്ട്രീയകാര്യ വിദഗ്ധ ഡോ. ഹൈജായാപ് മെഗാർട്ടിനെ ഉദ്ധരിച്ച് റായ്ൻ ഹാർട്ട് ചൂണ്ടിക്കാട്ടുന്നു.

കഴിഞ്ഞ ജനുവരി 10-ന് ഫലസ്ത്വീൻ പ്രധാനമന്ത്രി ഇസ്മാഈൽ ഹനിയ്യ പ്രസിഡന്റ് മഹ്മൂദ് അബ്ബാസിന് ഒരു കത്ത് നൽകുകയുണ്ടായി. അതിൽ ഇപ്രകാരം പറഞ്ഞിരുന്നു: "........... ഫലസ്ത്വീൻ ഗവൺമെന്റിനെയും ഫലസ്ത്വീൻ ജനതയുടെ ജനാധിപത്യ തീരുമാനത്തെയും അട്ടിമറിക്കാനുള്ള ശ്രമം നടക്കുന്നതായി സൂചിപ്പിക്കുന്ന ചില വിവരങ്ങൾ ലഭിച്ചിട്ടുണ്ട്. അവ ഇപ്രകാരം സംഗ്രഹിക്കാം:

- അമേരിക്കയുടെയും ഇസ്രയേലിന്റെയും അറിവോടെയും ആശീർവാദത്തോടെയും ചില ബാഹ്യ ശക്തികളിൽനിന്ന് പ്രസിഡൻഷ്യൽ ഗാർഡിന് വൻതോതിൽ ആയുധം ലഭിക്കുന്നു.
- ഫലസ്ത്വീൻ ഗവൺമെന്റിനെ നേരിടാൻ സുരക്ഷാ സേനയിൽപെട്ട ആയിരക്കണക്കിനു പേർ അംഗങ്ങളായ പ്രത്യേക സേനക്കു രൂപം നൽകിയിരിക്കുന്നു.
- ഈ സൈന്യത്തിന് സൈനിക വാഹനങ്ങളും കവചങ്ങളും ആയുധങ്ങളും വെടിക്കോപ്പുകളും ശമ്പളവും നൽകുന്നു.
- ഫലസ്ത്വീൻ സുരക്ഷാ സേനയിലെ ചില ഉദ്യോഗസ്ഥർക്ക് അമേരിക്കൻ എംബസിയിൽ യോഗങ്ങൾ സംഘടിപ്പിക്കുന്നു.
- നിരവധി ഉദ്യോഗസ്ഥരെ നിയമവിരുദ്ധമായി പിരിച്ചുവിട്ട് പുതിയവരെ നിയമിച്ചു. മുഹമ്മദ് ദഹ്ലാനെ സുരക്ഷാവിഭാഗം സുപ്രീം കമാന്ററായി താങ്കൾ വാക്കാൽ നിയമിച്ചിരിക്കുന്നു. ഇത് നിയമവിരുദ്ധമാണ്.
- മന്ത്രിമാർക്കും മുനിസിപ്പൽ കൗൺസിലർമാർക്കും നേരെ വധഭീഷണി ഉയർത്തുകയും ചിലരെ ആക്രമിക്കുകയും ചെയ്തു.

ബഹുമാന്യ പ്രസിഡന്റ്, ഇത്തരം സംഭവങ്ങളിൽ ഞങ്ങൾക്കുള്ള കടുത്ത ദുഃഖം രേഖപ്പെടുത്തുന്നു. ഫലസ്ത്വീൻ രാഷ്ട്രീയ വ്യവസ്ഥക്കും ദേശീയ ഐക്യത്തിനും ഭീഷണിയാണിത്. ഫലസ്ത്വീൻ പ്രശ്നത്തെ ഇത് അപകടപ്പെടുത്തുകയും ചെയ്യും. നമ്മുടെ ജനതയുടെ സുരക്ഷക്കും ഐക്യത്തിനും അനിവാര്യമായ നടപടികൾ താങ്കൾ കൈക്കൊള്ളുമെന്ന് പ്രതീക്ഷിക്കുന്നു..........."

ദഹ്ലാനെ സുപ്രീം കമാന്ററാക്കിയത്, ഹമാസിനെ നേരിടാൻ ദേശീയ സുരക്ഷാ സേനക്കു കീഴിൽ 15000 അംഗ സൈന്യത്തെ രൂപീകരിച്ചത്, വയർലസ് സംവിധാനം ഘടിപ്പിച്ച 150 ജീപ്പുകളും 2000 കലാഷ്നിക്കോവ് തോക്കുകളും മുപ്പതുലക്ഷം വെടിയുണ്ടകളും ഫലസ്ത്വീനിലേക്ക് കടത്തിയത്, പുതിയ സേനക്ക് യൂനിഫോമും കവചങ്ങളും വിതരണം ചെയ്തത്, സുരക്ഷാ സേനയിലെ 15 ഓഫീസർമാരെ പിരിച്ചുവിട്ട് മറ്റു ചിലരെ അവരോധിച്ചത് തുടങ്ങിയ ധാരാളം പ്രശ്നങ്ങൾ പ്രസിഡന്റിന് ഈ കത്തെഴുതുമ്പോൾ പ്രധാനമന്ത്രി ഇസ്മാഈൽ ഹനിയ്യയുടെ മുമ്പിലുണ്ടായിരുന്നു.

സംശയത്തിന്റെയും ആശങ്കയുടെയും ഈ അന്തരീക്ഷത്തിലാണ്, ഗവൺമെന്റിനെയും ബന്ധപ്പെട്ട മന്ത്രാലയത്തെയും അവഗണിച്ച് രഹസ്യമായി സൈനിക വാഹനങ്ങളും ആയുധങ്ങളും ഫലസ്ത്വീനിലേക്ക് കടത്തുന്നതിനെ അപലപിച്ച് ഫെബ്രുവരി 2-ന് ആഭ്യന്തര മന്ത്രാലയം പത്രക്കുറിപ്പ് ഇറക്കിയത്. ആയുധക്കടത്തിനു പിന്നിലുള്ളവർ മാത്രമായിരിക്കും അതിന്റെ പ്രത്യാഘാതങ്ങൾക്ക് ഉത്തരവാദികൾ എന്ന് പത്രക്കുറിപ്പിൽ പറയുകയുണ്ടായി.

ഹമാസിനെതിരായ പോരാട്ടത്തിൽ ഉപയോഗിക്കാൻ വൻതോതിൽ സൈനികോപകരണങ്ങളും വെടിക്കോപ്പുകളും ചില അയൽരാജ്യങ്ങളിൽനിന്ന് ഗസ്സയിലേക്ക് കടത്താൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ഫതഹിലെ ചിലർ ഇസ്രയേലീ സുരക്ഷാ വിഭാഗത്തെ സമീപിച്ചതായി ഇസ്രയേലീ പത്രം *ഹാആരറ്റ്സ്* ജൂൺ 6-ന് റിപ്പോർട്ടു ചെയ്തു. കവചിത വാഹനങ്ങളും ടാങ്കുവേധ മിസൈലുകളും

ആയിരക്കണക്കിന് ഗ്രനേഡുകളും മില്യൻ കണക്കിന് വെടിയുണ്ടകളും ഉൾപ്പെട്ടതാണ് ആയുധങ്ങളുടെ പട്ടിക എന്നും പത്രം പറഞ്ഞു. ഇസ്രയേലീ അധികൃതരുമായി ഫതഹിലെ ഉത്തരവാദപ്പെട്ടവർ നടത്തിയ നേരിട്ടുള്ള കൂടിക്കാഴ്ചയിലാണ് ഈ ആവശ്യം ഉന്നയിച്ചത്. ജനറൽ കീത്ത് ഡായ്ടണും ഇസ്രയേലിനോട് ഇതുതന്നെ ആവശ്യപ്പെട്ടു. നേരത്തേ 2500 തോക്കുകളും മില്യൻ കണക്കിന് വെടിയുണ്ടകളും കടത്താൻ ഇസ്രയേൽ ഫതഹിന് അനുവാദം നൽകിയിരുന്നതായും പത്രം പറയുന്നു. ഇസ്രയേലിന് ഹാനികരമാകാൻ സാധ്യതയില്ലാത്ത സൈനികോപകരണങ്ങൾ മാത്രം കടത്താനാണ് അനുവാദം നൽകിയത്. മിസൈലുകൾ കടത്താൻ അനുവദിച്ചില്ല. അവ ഹമാസിന്റെ കൈയിലകപ്പെട്ടാലോ എന്ന പേടിയായിരുന്നു കാരണം. വേണ്ടത്ര ആയുധം കടത്താൻ ഇസ്രയേൽ അനുവദിക്കാത്തതിൽ മഹ്മൂദ് അബ്ബാസ് നിരാശ പ്രകടിപ്പിച്ചതായും ഇസ്രയേലീ പത്രം തുടരുന്നു. ആയുധക്കടത്തിനെ ചൊല്ലി ഇസ്രയേലീ സുരക്ഷാ വിഭാഗത്തിൽ ഭിന്നത ഉടലെടുക്കുകയും ചെയ്തിട്ടുണ്ടത്രെ. ഹമാസിനെ നേരിടാൻ മുഹമ്മദ് ദഹ്‌ലാൻ ഫതഹിനു കീഴിൽ പുതിയൊരു സായുധ വിഭാഗത്തിനു രൂപം നൽകാൻ കിണഞ്ഞു ശ്രമിക്കുന്നുണ്ടെങ്കിലും ഗസ്സയിൽ ഫതഹ് ഹമാസിനോട് പരാജയപ്പെടുമെന്നാണ് ഇസ്രയേലീ സുരക്ഷാ വിഭാഗത്തിലെ വിദഗ്ധരുടെ അഭിപ്രായം. ഹമാസ് ഗസ്സയുടെ നിയന്ത്രണം പിടിച്ചെടുത്തത് ഇതിന്റെ തെളിവാണെന്നും ഫതഹിന്റെ ആയുധങ്ങൾ ഇനി ഹമാസിന് മുതൽക്കൂട്ടാവുമെന്നും ഈ വിദഗ്ധരെ ഉദ്ധരിച്ച് ഇസ്രയേലീ പത്രം *മആരിവും* റിപ്പോർട്ട് ചെയ്തു.

ദേശീയ സുരക്ഷാ സേനയുടെ കേന്ദ്രങ്ങൾ പിടിച്ചടക്കി ഹമാസ് ഗസ്സയുടെ സമ്പൂർണ നിയന്ത്രണം ഏറ്റെടുത്തതിന്റെ പിറ്റേ ദിവസം ജൂൺ 15-ന് *ഹാആരറ്റ്സ്* പത്രത്തിന്റെ ഹീബ്രു വെബ്സൈറ്റ് ഹമാസിനെ ഭരണത്തിൽനിന്നിറക്കാനുള്ള പദ്ധതിക്ക് അമേരിക്കൻ ഭരണകൂടവും ഫലസ്ത്വീൻ പ്രസിഡന്റ് മഹ്മൂദ് അബ്ബാസും അംഗീകാരം നൽകിയതായി റിപ്പോർട്ടു ചെയ്തു. ഗസ്സയിലെ ഫലസ്ത്വീനികളിൽ ഭൂരിഭാഗവും ഹമാസിനെതിരെ കലാപത്തിനിറങ്ങുന്ന സാഹചര്യമുണ്ടാക്കി ഹമാസിനെ തുരത്താനാണ് നീക്കം. ബുഷ് ഭരണകൂടവും മഹ്മൂദ് അബ്ബാസും അതിന് കണ്ടിട്ടുള്ള നടപടികളിങ്ങനെ:

1. ഐക്യ സർക്കാറിനെ പിരിച്ചുവിടുകയും അടിയന്തരാവസ്ഥ പ്രഖ്യാപിക്കുകയും ചെയ്യുക. ഗസ്സയിലെ വിവിധ ഭരണസ്ഥാപനങ്ങൾ നിയന്ത്രിക്കാൻ ഹമാസിനുള്ള നിയമസാധുത അതുവഴി ഇല്ലാതാക്കാം.

2. ഗസ്സയെ വെസ്റ്റ് ബാങ്കിൽനിന്ന് വേർപ്പെടുത്തി ഒറ്റപ്പെടുത്തുക. ഗസ്സയുടേത് വേറിട്ട പ്രശ്നമായി കൈകാര്യം ചെയ്യുക. ഈ വിഷയകമായി ഇസ്രയേലുമായും മേഖലയിലെ മറ്റു ശക്തികളുമായും യൂറോപ്യൻ യൂനിയനുമായും അമേരിക്കയും അബ്ബാസും കൂടിയാലോചിക്കും. ഗസ്സയിൽ അന്താരാഷ്ട്ര സേനയെ വിന്യസിക്കലും പദ്ധതിയിൽപെടും.

3. ഇസ്രയേൽ തടഞ്ഞുവെച്ച ഫലസ്ത്വീന്റെ നികുതിപ്പണം വെസ്റ്റ് ബാങ്കിൽ വൻതോതിൽ ക്ഷേമ പ്രവർത്തനങ്ങൾ നടത്താൻ മഹ്മൂദ് അബ്ബാസിന് നൽകണം. വെസ്റ്റ് ബാങ്ക് നിവാസികളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്താൻ അമേരിക്ക ഇസ്രയേലിനെ കൂടി സഹകരിപ്പിക്കാൻ ശ്രമിക്കും. ഹമാസിന്റെ നിയന്ത്രണത്തിനു കീഴിൽ തങ്ങളുടെ അവസ്ഥ കൂടുതൽ വഷളാവുകയേയുള്ളൂവെന്ന് ഗസ്സക്കാർക്ക് ബോധ്യപ്പെടണം. അങ്ങനെ അവർ ഹമാസിനെ വെറുക്കുകയും ഒടുവിൽ അതിനെതിരെ കലാപം നടത്തുകയും ചെയ്യും.

4. വെസ്റ്റ് ബാങ്കിലെ ഹമാസ് പ്രവർത്തകരെ വ്യാപകമായി അറസ്റ്റ് ചെയ്യും. ഗസ്സയിൽ സംഭവിച്ചത് വെസ്റ്റ് ബാങ്കിൽ കൂടി ആവർത്തിക്കാതിരിക്കാനാണിത്.

5. ഐക്യസർക്കാറിനെ പിരിച്ചുവിട്ട ശേഷം ഇസ്രയേലും അബ്ബാസിന്റെ സർക്കാറും ചർച്ചാ പ്രക്രിയ പുനരാരംഭിക്കും.

ഈ തീരുമാനം പരസ്യപ്പെടുത്തുന്നതിനു മുമ്പുതന്നെ മഹ്മൂദ് അബ്ബാസ് ഈജിപ്തിനെയും ജോർദാനെയും വിവരം അറിയിച്ചുവെന്നും ഗസ്സയിലെ ഹമാസ് ഗവൺമെന്റുമായി ഒരു തരത്തിലും ബന്ധപ്പെടരുതെന്ന് അഭ്യർഥിച്ചതായും വെബ്സൈറ്റ് റിപ്പോർട്ട് ചെയ്തു.

ഐക്യ സർക്കാറിനെ പിരിച്ചുവിട്ട് അടിയന്തരാവസ്ഥ പ്രഖ്യാപിച്ച അബ്ബാസിന്റെ നടപടിയിൽ ഇസ്രയേലീ ഭരണകൂടത്തിലെ പല പ്രമുഖരും സന്തോഷം പ്രകടിപ്പിക്കുകയുണ്ടായി. നയതന്ത്രപരമായി ഇത് ഇസ്രയേലിന് വൻ നേട്ടമാണെന്നും ഹമാസ് ഭരണത്തിന്റെ ദുഃസ്വാധീനങ്ങൾ തുടച്ചുനീക്കാൻ ഇതുവഴി സാധിക്കുമെന്നും ഇസ്രയേലീ യുദ്ധകാര്യമന്ത്രി അഭിപ്രായപ്പെട്ടു. ഫലസ്ത്വീന് അവകാശപ്പെട്ട നികുതിപ്പണം അബ്ബാസിന്റെ പുതിയ സർക്കാറിന് വിട്ടുകൊടുക്കുന്നതിന്റെ സാധ്യതകൾ ഇസ്രയേൽ പഠിച്ചുവെന്ന് *മആരിവ്* പത്രം പറയുന്നു. ഇസ്രയേൽ ഗസ്സയെ ശത്രുവായി പ്രഖ്യാപിച്ച് അതിനനുസൃതമായ നടപടികൾ സ്വീകരിക്കാൻ സാധ്യതയുണ്ടെന്ന് പത്രം സൂചിപ്പിക്കുന്നു. ഗസ്സയിലെ ജലവിതരണവും വൈദ്യുതി വിതരണവും തടയാൻ നല്ല സാധ്യതയുണ്ട്. ഇസ്രയേലിനു നേരെ മിസൈൽ തൊടുക്കുന്നത് തുടരുകയാണെങ്കിൽ വിശേഷിച്ചും.

ഹമാസ് അതിന്റെ സൈനിക നടപടി രാഷ്ട്രീയ നേട്ടമായി മാറ്റുന്നത് തടയാൻ ഫലസ്ത്വീൻ പ്രസിഡന്റിനോടും അറബ് രാജ്യങ്ങളോടും സഹകരിക്കാൻ തങ്ങൾ കടപ്പെട്ടിരിക്കുന്നുവെന്ന് ഇസ്രയേൽ പ്രഖ്യാപിക്കുകയുണ്ടായി. ഒടുവിലത്തെ സംഭവവികാസങ്ങളെ മേഖലയിലെ നിർണായക മാറ്റങ്ങളായാണ് ഇസ്രയേൽ കാണുന്നത്. ഹമാസിനെ ശ്വാസം മുട്ടിക്കാൻ അറബ് രാജ്യങ്ങളുമായി, വിശിഷ്യാ ഈജിപ്തുമായി മുമ്പത്തേതിനേക്കാൾ സഹകരിക്കേണ്ടതുണ്ടെന്ന് ഇസ്രയേലീ പ്രതിരോധ മന്ത്രാലയത്തിലെ സുരക്ഷാ നയരൂപീകരണ വിഭാഗം മേധാവി ജനറൽ ആമൂസ് ജൽഗാദ് അഭിപ്രായപ്പെട്ടു. കാരണം, ഹമാസിന് ഭരിക്കാനുള്ള നിയമസാധുത നഷ്ടപ്പെട്ടിട്ടില്ല. ഗസ്സയുടെ സമ്പൂർണ നിയന്ത്രണം ഇപ്പോൾ ഹമാസിന്റെ കൈയിലാണുതാനും. ഇത് ഇസ്രയേലിന് വലിയ ഭീഷണിയാണ്.

ജൂൺ 15-ന് ഇസ്രയേലീ റേഡിയോക്ക് ഹീബ്രു ഭാഷയിൽ നൽകിയ ഒരു അഭിമുഖത്തിൽ ഹമാസിനെ ഞെരിക്കാൻ അറബ് രാജ്യങ്ങളിൽനിന്ന് ഇസ്രയേൽ ആഗ്രഹിക്കുന്ന കാര്യങ്ങൾ ആമൂസ് വ്യക്തമാക്കി: 'മിതവാദി' അറബ് രാജ്യങ്ങൾ ഫലസ്ത്വീൻ ഐക്യ സർക്കാറിന് നിയമസാധുത നൽകരുത്; അതുമായി ബന്ധം പുലർത്തുകയുമരുത്. കാരണം, ഫലസ്ത്വീൻ ഗവൺമെന്റിനെതിരായ ഉപരോധം വിജയിക്കാൻ ആദ്യം ഐക്യസർക്കാറിനു മേലുള്ള അറബ് ഉപരോധം അത്യാവശ്യമാണ്. പക്ഷേ, അറബ് രാജ്യങ്ങൾ അത്രത്തോളം എത്തിയിട്ടില്ലെന്നും ലോകരാജ്യങ്ങളിൽ പലതും ഹമാസ് ഭരണത്തെ അംഗീകരിക്കുമെന്നും ഫലസ്ത്വീനികൾക്ക് സഹായം പുനരാരംഭിക്കുമെന്നും ആമൂസ് മുന്നറിയിപ്പ് നൽകുന്നു. ഗസ്സയിലെ ഹമാസ് ആധിപത്യത്തിന്റെ പ്രത്യാഘാതങ്ങൾ തടയാൻ കഴിയുക മഹ്മൂദ് അബ്ബാസിനു മാത്രമാണെന്നതിനാൽ ഇസ്രയേലിന്റെ ലക്ഷ്യത്തിന് അദ്ദേഹത്തെ ഇപ്പോൾ വളരെയധികം ആവശ്യമുണ്ടെന്നും ജനറൽ കൂട്ടിച്ചേർത്തു.

പുതിയ നാടകീയ സാഹചര്യങ്ങളെ തികഞ്ഞ ജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്നും ഹമാസിനെതിരെയുള്ള യുദ്ധത്തിൽ അറബ് രാജ്യങ്ങളെ കൂടെ നിർത്താൻ പരമാവധി ശ്രമിക്കണമെന്നുമാണ് ഇസ്രയേലീ ഇൻഫ്രാസ്ട്രക്ചർ മന്ത്രി സയണിസ്റ്റ് രാഷ്ട്രത്തെ ഓർമിപ്പിച്ചത്. ഫലസ്ത്വീൻ ദേശീയ ഐക്യ സർക്കാറിനെ പിരിച്ചുവിട്ട മഹ്മൂദ് അബ്ബാസിന്റെ നടപടിയിലൂടെ മക്കാ കരാറിന് തിരശ്ശീല വീണെന്നും ഇത് ഇസ്രയേലിന് വലിയ നേട്ടമാണെന്നുമാണ് ഇസ്രയേലീ ടെലിവിഷന്റെ ചാനൽ ഒന്നിലെ അറബ്കാര്യ നിരീക്ഷകൻ ഊദീദ് ജറാനൂത്തിന്റെ വിലയിരുത്തൽ.

എനിക്ക് കാര്യങ്ങളെല്ലാം മനസ്സിലായി. നിങ്ങൾക്കോ? ■